# പതിമൂന്നാം കേരളനിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 807    03.12.2014    ൽ മറുപടിക്ക്

**വൈക്കത്തഷ്ടമിയുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന്റെ മുന്നൊരുക്കങ്ങൾ**

| | ചോദ്യം<br>ശ്രീ. കെ.അജിത് : | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ജനലക്ഷങ്ങളുടെ സാന്നിദ്ധ്യമുണ്ടാകുന്ന വൈക്കത്തഷ്ടമിക്ക് മുന്നോടിയായി ആരോഗ്യ വകുപ്പ് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | വൈക്കത്തഷ്ടമി ഉത്സവത്തോടനുബന്ധിച്ച് പബ്ലിക്ക് ഹെൽത്ത് സ്റ്റാഫിനെ സാമൂഹികാരോഗ്യ കേന്ദ്രം ഇടയാഴത്തുനിന്നും ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ നേതൃത്വത്തിൽ സാനിട്ടറി ക്രമീകരണ മേൽനോട്ടത്തിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക ചികിത്സ സൗകര്യവും ഒരുക്കിയിട്ടുണ്ട്. കൂടാതെ ഇവിടെ ബ്ലീച്ചിംഗ് പൗഡർ, അവശ്യ മരുന്നുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | വൈക്കത്തഷ്ടമിയുമായി ബന്ധപ്പെട്ട് അഷ്ടമി ദിവസങ്ങളിൽ ഭക്ഷ്യ സുരക്ഷാവിഭാഗത്തിന്റെ സാന്നിദ്ധ്യവും പരിശോധനകളും ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) | അഷ്ടമി ദിവസങ്ങളിൽ ഭക്ഷ്യ സുരക്ഷ വിഭാഗത്തിന്റെ സാന്നിദ്ധ്യവും പരിശോധനകളും ഉറപ്പു വരുത്താൻ ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | വൈക്കത്തഷ്ടമിയുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന്റെ എത്ര ജീവനക്കാരെയാണ് പ്രത്യേക ഡ്യൂട്ടിക്കായി നിയോഗിക്കുന്നതെന്നും ഭക്തജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിന് ഈ സംഘത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ? | (സി) | വൈക്കത്തഷ്ടമിയുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിലെ നാല് ജീവനക്കാരെ വീതം ഓരോ ഷിഫ്റ്റിലും നിയോഗിച്ചിട്ടുണ്ട്. ഫസ്റ്റ് എയ്ഡ് കൗണ്ടർ അമ്പലക്കെട്ടിനകത്ത് 24 മണിക്കൂർ പ്രവർത്തിക്കുന്ന ഒരു ടീം പ്രവർത്തിക്കുന്നു. കൂടാതെ അമ്പലത്തോട് തൊട്ടടുത്തുള്ള വൈക്കം താലൂക്ക് ആശുപത്രിയിൽ ഡോക്ടർ ഉൾപ്പെടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന മെഡിക്കൽ ടീമിനെ ആംബുലൻസ് സഹിതം ആശുപത്രി ക്യാഷ്വാലിറ്റിയിൽ സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ